**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 583**

**26.04.2017 - ൽ മറുപടിക്ക്**

# പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്താൻ നടപടി

| ചോദ്യം<br>**ശ്രീ.മുല്ലക്കര രത്നാകരൻ** | മറുപടി<br>**ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി)** |
|---|---|
| സംസ്ഥാനത്ത് കൺസ്യൂമർഫെഡ് മുഖേന പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | സംസ്ഥാനത്ത് കൺസ്യൂമർഫെഡ് മുഖേന പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്തുന്നതിന്, പ്രാഥമിക സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ കൺസ്യൂമർഫെഡ് മുൻകൈയെടുത്ത് 2000 നീതി സ്റ്റോറുകളും, 1500 നീതി മെഡിക്കൽ സ്റ്റോറുകളും ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഗവർണ്ണറുടെ നയ പ്രഖ്യാപന പ്രസംഗത്തിൽ ഇക്കാര്യം പ്രത്യേകം പരാമർശിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഒരേ ബ്രാൻഡും ലോഗോയും ഉപയോഗിച്ച് പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ച് ഒരു ശൃംഖല രൂപീകരിക്കുന്നതിനും, ഇതുവഴി ശക്തമായ മാർക്കറ്റ് ഇടപെടൽ നടത്തുന്നതിനും വില നിലവാരം പിടിച്ചു നിർത്തുന്നതിനുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**